(സി) മത്സ്യത്തൊഴിലാളി സംഘടനകൾ ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായി മന്ത്രി നടത്തിയ ചർച്ചയിൽ എന്തെല്ലാം തിരുമാനങ്ങൾ എടുക്കുകയുണ്ടായി എന്നു വെളിപ്പെടുത്തുമോ;

(ഇ) നിരോധനം ലംഘിച്ച് കടലിൽ ട്രോളറുകളോ ബോട്ടുകളോ ഇറക്കുക യുണ്ടായോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ചീഫ് ഗാർഡും മൂന്നു സർക്കിൾ ഇൻസ്പെക്ടർ ഓഫ് ഗാർഡും ആറ് സബ് ഇൻസ്പെക്ടറും ഓഫ് ഗാർഡും 11 ഹെഡ് ഗാർഡും 39 ഗാർഡും ചേർന്ന സംഘം അതാതു ഫിഷറീസ് സ്റ്റേഷനുകളിൽ സജ്ജമായിരി ക്കുകയും കടലിൽ റോന്തുചുറ്റി നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തു കയും ചെയ്തു വരുന്നു. കൂടാതെ സമുദ്രാതിർത്തിയുള്ള എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ഉദ്യോഗസ്ഥന്മാരുടെയും പോലീസ്, കോസ്റ്റ് ഗാർഡ്, നേവി എന്നീ വിഭാഗങ്ങളുടെയും യോഗം ചേർന്ന് ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പാക്കാനുള്ള നടപടികളെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധനത്തിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 45 ദിവസത്തേക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുക. കേരളത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധന സമയത്ത് വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്താതിരിക്കാൻ കോസ്റ്റ് ഗാർഡുമായി സഹകരിച്ചു കർശന നടപടി സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുത്തു.

(ഇ) നിരോധനം ലംഘിച്ച് ട്രോളറുകളോ ബോട്ടുകളോ ഇറക്കിയതായി നാളിതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

*16 [46] ശ്രീ. പി. എസ്. സുപാൽ:
" എൻ. രാജൻ:
" എം. കുമാരൻ:
" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിവരുന്നത്;

(ബി) നിലവിലുണ്ടായിരുന്ന എന്തെങ്കിലും ആനുകൂല്യങ്ങൾ നിർത്തലാക്കു വാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ എല്ലാ ഭാഗത്തുമുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഇവർക്കുള്ള സൗകര്യങ്ങൾ കുറവാണെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പ്രീമെട്രിക് തലത്തിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 95 രൂപ മുതൽ 220 രൂപ വരെ ലംപ്സം ഗ്രാന്റ് നൽകിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് വാർഷിക ഗ്രാന്റായി 100 രൂപ വീതവും നൽകിവരുന്നു.

4-ാം ക്ലാസിലും 7-ാം ക്ലാസിലും പഠിക്കുന്നവരും പഠനത്തിൽ മികവ് പുലർത്തുന്നവരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പരാധീനതകൾ പരിഹരിക്കുന്നതിനുമായി ശ്രീ. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പുകൾ അനുവദിച്ച് നൽകിവരുന്നു. ഈ പദ്ധതി പ്രകാരം പരാധീനത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും, ട്യൂഷൻഫീസ്, യൂണിഫോം, പുസ്തകങ്ങൾ, റഫറൻസ് ബുക്കുകൾ, പഠനത്തിനാവശ്യമായ മേശ, കസേര എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം, വിദ്യാർത്ഥികളുടെ ഭക്ഷണത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് പോഷകാഹാരത്തിനുള്ള ധനസഹായം, കരിയർ ഗൈഡൻസ് വാങ്ങുന്നതിനുള്ള ധനസഹായം തുടങ്ങിയവ നൽകിവരുന്നു.

4-ാം സ്റ്റാന്റേർഡിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിൽ പ്രവേശന പരീക്ഷ നടത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി വരുന്നുമുണ്ട്. പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾ അനുസരിച്ച് കുറഞ്ഞത് 475 രൂപ മുതൽ കൂടിയത് 1375 രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സംഗ്രാന്റ് നൽകി വരുന്നുണ്ട്. അതോടൊപ്പം ദിവസേന വീട്ടിൽ നിന്ന് പോയി വരുന്നവരിൽ 8 കിലോമീറ്ററിന് ഉള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 270 രൂപ വീതവും 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് പ്രതിമാസം 315 രൂപ ക്രമത്തിലും സ്റ്റൈപ്പന്റ് നൽകി വരുന്നുണ്ട്. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവ് നൽകുന്നുണ്ട്. കൂടാതെ ഇവർക്ക് വ്യത്യസ്ത നിരക്കിൽ പോക്കറ്റ് മണിയും നൽകുന്നുണ്ട്. പാഠ്യപദ്ധതിയുടെ ഭാഗമായി പഠന പര്യടന പരിപാടിയും ഇവർക്കായി സംഘടിപ്പിക്കാറുണ്ട്.

എസ്.എസ്.എൽ.സി., +2, റ്റി.റ്റി.സി., പോളിടെക്നിക്, വി.എച്ച്.എസ്.ഇ., ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ്, ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ മുതൽ 2000 രൂപ വരെ പ്രോൽസാഹന സമ്മാനം അനുവദിച്ച് നൽകി വരുന്നുണ്ട്.

(ബി) പട്ടികജാതി-വർഗ്ഗ വികസന വകുപ്പുകളിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങളൊന്നും നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly